മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഗവണ്മെൻറിൽനിന്നും നേരിട്ട് പണംമുടക്കി ആരുടേയും സ്മാരകങ്ങൾ നിർമ്മിച്ചിട്ടില്ല; നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുമില്ല.

(ബി) അനൌദ്യോഗികമായി വേലുത്തമ്പി സ്മാരക സമിതി എന്നൊന്ന് ഇടക്കാലത്തു് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) വേലുത്തമ്പി സ്മാരകസമിതിക്കു് ഗവണ്മെൻറിൽനിന്നും (10,000) പതിനായിരം രൂപ സഹായധനം അനുവദിച്ചിട്ടുണ്ട്.

(ഡി) നിശ്ചയമില്ല.

(ഇ) 1. രണ്ടുലക്ഷം രൂപ.

2. 73,395-7-1. (എഴുപത്തിമൂവായിരത്തി മുന്നൂറി-തൊണ്ണൂറിഅഞ്ചു് രൂപ, ഏഴ് അണ ഒരു പൈസ.) ആയിരത്തിതൊള്ളായിരത്തി അൻപത്തിഅഞ്ചു് ആഗസ്റ്റുമാസംവരെ ചെലവായി.

(എഫ്) ഒരു സ്റ്റാറ്റസ്; നിശ്ചയമില്ല.

സിവിൽ ലിസ്റ്റ്.

* 774. [70] ശ്രീ. പി. നാരായണൻപോറ്റി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഏറ്റവും ഒടുവിൽ സിവിൽലിസ്റ്റ് (Civil List) പ്രസിദ്ധപ്പെടുത്തിയതു് എന്നാണു്;

(ബി) എല്ലാ ഡിപ്പാർട്ടുമെൻറുകളുടേയും സപ്ലീസു് സംയോജനം മുഴുവനും തീർന്നതിനുശേഷം സമ്പൂർണ്ണമായ ഒരു സിവിൽലിസ്റ്റ് എന്നത്തേയ്ക്കു് പ്രസിദ്ധപ്പെടുത്താമെന്നാണു് ഗവണ്മെൻറ് പ്രതീക്ഷിക്കുന്നതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1-9-1953-ൽ

(ബി) സപ്ലീസു് സംയോജനം എല്ലാ ഡിപ്പാർട്ടുമെൻറുകളുടേയും പൂർത്തിയായിട്ടില്ല. 1.10.54-ലെ ഒരു സിവിൽ ലിസ്റ്റ് തയ്യാർ ചെയ്തുവരുന്നു.

കൂടികിടപ്പു രജിസ്ട്രേഷൻ.

* 775. [71] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടികിടപ്പു് ഒഴിപ്പിക്കൽ നിരോധന നിയമപ്രകാരം കൂടിയിരുപ്പു രജിസ്റ്റർ ചെയ്യുവാൻ നിർദ്ദിഷ്ടമായ അപേക്ഷാഫാറം ഈ സംസ്ഥാനത്തെ എല്ലാവില്ലേജു് ആഫീസുകളിൽനിന്നും ആവശ്യക്കാർക്കു് സൗജന്യമായി ലഭിക്കത്തക്കവണ്ണം വേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ;

(സി) ഇല്ലെങ്കിൽ അതിനു കാരണമെന്തു്;

(ഡി) കൂടിയിരുപ്പു് അവകാശസംരക്ഷണത്തിനായി കൂടികിടപ്പുകാർ രജിസ്റ്റർ ചെയ്തിരിക്കണമെന്നു നിർബന്ധിത നിബന്ധനയിലാക്കണമെന്നു് ബഹുമാനപ്പെട്ട ജനങ്ങളുടെ നിവേദനങ്ങൾ ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കൂടിയിരുപ്പിനു് സ്ഥിരാവകാശം നൽകാൻ ഉതകിയ കൊച്ചിയിലെ 1122-ലെ വിളംബരത്തിൽ കൂടികിടപ്പുകാർ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ ഇല്ലാതിരുന്നതുകൊണ്ടു് ആ നിയമത്തിനു് വല്ല തരക്കേടും ഉണ്ടായിരുന്നതായി അനുഭവപ്പെട്ടിട്ടുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) 14-7-1955- വേണ്ട നിർദ്ദേശംകൊടുത്തു. അച്ചടി ഫാറങ്ങൾ കിട്ടുന്നതുവരെ ബുദ്ധിമുട്ടു് നേരിടാതിരിക്കുവാൻ കൈയ്യെഴുത്തു ഫാറമോ, ടൈപ്പുചെയ്തഫാറമോ സ്വീകരിക്കുന്നതിനും, വില്ലേജു് ആഫീസർമാർക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഈ ബില്ലു് പൊതുജനങ്ങളുടെ അഭിപ്രായത്തിനു വേണ്ടി പരസ്യപ്പെടുത്തിയ അവസരത്തിൽ ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്.

(ഇ) കൊച്ചിയിലെ 1122-ലെ വിളംബരം കൂടിയിറക്കു സംബന്ധിച്ചു് കോടതികളിൽ കേസുകൊടുക്കുന്നതിനെ തടയുകമാത്രമേ ചെയ്തിട്ടുള്ളു. എന്നാൽ പുതിയ നിയമത്തിൽ കൂടികിടപ്പു രജിസ്റ്റർ ചെയ്യുന്നതിനുള്ള അവകാശവുംകൂടി കൊടുക്കുന്നുണ്ടു്.

ചവറ മിനറൽസിലെ പണിമുടക്കു്.

* 776. [72] ശ്രീ. പി. ഭാസ്കരൻ നായർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ്മാനേജുമെൻറിലുള്ള ചവറ മിനറൽസ് കമ്പനിയിലെ തൊഴിലാളികൾ 1955 ജൂലൈമാസത്തിൽ പണിമുടക്കിയിരുന്നുവോ ;

(ബി) തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാം ;

(സി) പണിമുടക്കു് എത്രനാൾ നീണ്ടുനിന്നു ;

(ഡി) എത്രതൊഴിലാളികൾ പണിമുടക്കി ;

(ഇ) പണിമുടക്കുകാലത്തു് ഫാക്ടറിയിൽ ഉൽപ്പാദനം നടന്നിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ശരാശരി ഉൽപ്പാദനത്തോതിൽ എത്ര ശതമാനം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഏർപ്പെട്ടു.

(ബി) ടി. വി. സി. ഒന്നിൽ പുതുതായി ആരംഭിച്ചിട്ടുള്ള റൂട്ടൈൻപ്ലാൻറിൽ ജോലി ചെയ്യുന്നതിനു് എംപ്ലായ്മെൻറ് എക്സ്ചേഞ്ചു് മുഖേന നടത്തിയ തൊഴിലാളികളുടെ നിയമനങ്ങൾ അസാധുവാക്കി പകരം കമ്പനിയിൽനിന്നും മുൻപു പിരിച്ചുവിട്ടിട്ടുണ്ടെന്നു പറയപ്പെടുന്ന ആളുകളെ നിയമിക്കണമെന്നു്.

LIBRARY ARCHIVES Kerala Legislative Assembly